# അങ്ങാടിചരിതം

VOLUME 1

## അങ്ങാടിചരിതം ഭാഗം 1/ കുന്നംകുളങ്ങര അങ്ങാടി

നമ്മുടെ നാടിന്റെ ചരിത്രമെന്താണ് എന്ന് ആരെങ്കിലും നമ്മോട് ചോദിച്ചാൽ - ഈ നാട് പണ്ടേയുള്ളതാണ്. പുരാതന പള്ളികളുടേയും അമ്പലങ്ങളുടേയും നാടാണ്. വ്യാപാരമാണ് ഞങ്ങളുടെ കുലത്തൊഴിൽ, അച്ചടിയുടേയും പുസ്തകനിർമ്മാണശാലകളുടേയും നാടാണ്. പലസംസ്ക്കാരങ്ങളുടേയും സമന്വയസ്ഥലമാണ്. എന്നൊക്കെയല്ലാതെ പറയത്തക്ക ചരിത്രമൊന്നും എഴുതപ്പെട്ടിട്ടില്ല. അഥവാ എഴുതപ്പെട്ടവ കാലക്രമേണ നശിപ്പിക്കപ്പെട്ടു, അല്ലെങ്കിൽ പൊതുസമൂഹത്തിൽ ലഭ്യമല്ല എന്നൊക്കെയായിരിക്കും മറുപടി. ദേശീയ ചരിത്രം രചിക്കുന്നതല്ലാതെ പ്രദേശിക ചരിത്ര രചന തുലോം ചുരുക്കമായിരുന്നു മിക്കനാടുകളുടേയും സ്ഥിതി ഇതുതന്നെ. ചരിത്രത്തിൽ നമ്മുടെ ദേശം എങ്ങനെയൊക്കെ പറയപ്പെട്ടിട്ടുണ്ട് എന്ന അന്വേഷണമാണ് ഈ സംരംഭം. ഇതു പൂർണ്ണമല്ല ആരംഭം മാത്രം തെറ്റുകൾ കാണാം തിരുത്തുവാൻ തയ്യാറാണ്.

ലഭ്യമായ വിവരമനുസരിച്ച് മഹാശിലായുഗം മുതലെങ്കിലും ഈ പ്രദ്ദേശത്തു ജനവാസമുണ്ടായിരുന്നതായി പറയപ്പെടുന്നു. ചിറളയം പ്രദേശത്തു കണ്ടെടുത്ത നന്നങ്ങാടികൾ ഇവ ശരിവയ്ക്കുകയും ചെയ്യുന്നു. അതുപോലെ ആർത്താറ്റ് പ്രദ്ദേശത്ത് ചാട്ടുകുളത്തിനു മുകളിൽ കാണുന്ന യൂദകുന്നെന്നു വിളിക്കപ്പെടുന്ന സ്ഥലം ഇവിടെ ക്രിസ്തുവിനു മുമ്പേ ജൂതസാന്നിദ്ധ്യം ഉണ്ടായിരുന്നുവെന്നും ഒരു ജൂത സുന്നഗോഗും (യഹൂദന്മാരുടെ പ്രാർത്ഥനാസ്ഥലം) അവരുടെ വ്യാപാരകേന്ദ്രവും അവിടെ സ്ഥിതിചെയ്തിരുന്നുവെന്നും തോമാശ്ലീഹാ അവരെ കാണുവാനായി അവിടെ സന്ദർശിച്ചിരുന്നുവെന്നും പറയപ്പെടുന്നു. ചാവക്കാട്ടു നിന്നു ചാട്ടുകുളം വരെയെത്തുന്ന ജലഗതാഗതമാർഗം കൊടുങ്ങല്ലൂർ, ചാവക്കാട്, പൊന്നാനി തുറമുഖങ്ങളുമായി ഈ പട്ടണങ്ങൾക്കുള്ള വ്യാപാരബന്ധത്തേയും അതിന്റെ പ്രാധാന്യത്തേയും കാണിക്കുന്നു. ചാട്ടുകുളങ്ങര പ്രദേശത്തെ സെന്റ് തോമസ് പൈതൃകത്തേകുറിച്ചുള്ള ഐതിഹ്യങ്ങളും ഈ നാടിന്റെ പൗരാണികത്ത്വത്തിനു മകുടോദാഹരണങ്ങളാണ്.

ഈ നാടിന്റെ പേര് പണ്ട് '**കുന്നംകുളങ്ങരെയ്**' എന്നായിരുന്നത്രേ 'രൈയ്' എന്ന പ്രത്യയം കൊണ്ട് മനസിലാകുന്നത് പഴയകാല തമിഴ് സ്വാധീനത്തേയാണ്. ഇന്നു കാണുന്ന മുൻസിപ്പൽ പ്രദ്ദേശത്തുള്ള കുന്നംകുളം അല്ല രണ്ടു നൂറ്റാണ്ടു മുമ്പുള്ള കുന്നംകുളം. അവ ചെറിയ നാട്ടുരാജ്യങ്ങളായി പല രാജകുടുംബങ്ങളാൽ ഭരിക്കപ്പെട്ടിരുന്നു. തലപ്പിള്ളി രാജസ്വരൂപത്തിന്റെ താവഴികളിൽപെട്ട രാജവംശങ്ങളായിരുന്നു ഈ പ്രദ്ദേശങ്ങൾ ഭരിച്ചിരുന്നതു മണക്കുളം സ്വരൂപം (കുന്നംകുളം),അയിനിക്കൂർ സ്വരൂപം (ചിറളയം) ചിറ്റഞ്ഞൂർ സ്വരൂപം ,എലയങ്ങാട്ട് സ്വരൂപം ,പുന്നത്തൂർ സ്വരൂപം, കക്കാട് സ്വരൂപം തുടങ്ങിയ ആയിരുന്നു ഈ കുടുംബങ്ങൾ. ഇവരുടെ ഉത്ഭവം ഏതുകാലത്തായിരുന്നു എന്നു പറയുവാൻ അറിയാത്ത അത്ര പഴക്കം ഈ സ്വരൂപങ്ങൾക്കുണ്ട് എന്നു കൊച്ചി രാജ്യചരിത്രം പറയുന്നു.അപ്പോൾ അവർ ഭരിക്കുന്ന നാടുകളുടെ പഴക്കം പറയേണ്ടതില്ലല്ലോ.

ഇന്നു നാം കാണുന്ന കുന്നംകുളം പ്രദേശം ഇരുന്നൂറു വർഷങ്ങൾക്കു മുമ്പു പ്രധാനമായും മൂന്നു പട്ടണങ്ങൾ അല്ലെങ്കിൽ അങ്ങാടികൾ (കമ്പോളം) ആയി സ്ഥിതിചെയ്തിരുന്നു. ഈ അങ്ങാടികളെല്ലാം നസ്രാണി അങ്ങാടികളായിരുന്നു. ഹൈദറുടെ പടയോട്ടകാലത്ത് അദ്ദേഹം ഈ നസ്രാണി ഗൂറുകൾ കണ്ടതായി പറഞ്ഞിട്ടുണ്ട്. അവ കുന്നംകുളം അങ്ങാടി ,ചിറളയം അങ്ങാടി, ആർത്താറ്റ് അങ്ങാടി എന്നിവ ആയിരുന്നു.


**1. കുന്നംകുളം അങ്ങാടി:** കുന്നംകുളം പട്ടണത്തിലേയ്ക്കുള്ള പ്രധാന കവാടം ഇന്നത്തെ കുന്നത്തെ പള്ളി നിൽക്കുന്ന കുന്നത്തുകൂടി നേരെ പടിഞ്ഞാറോട്ടിറങ്ങി ഈഞ്ഞാംകുളത്തിന്റെ കരയിൽ കൂടി ആയിരുന്നു. ഈഞ്ഞാംകുളം എന്നതു - ഇല്ലക്കുളം ലോപിച്ചതാണെന്നും പറയപ്പെടുന്നു. ഇല്ല പറമ്പെന്നും ആൽത്തറ നിലമെന്നും ഈഞ്ഞാംകുളം നിൽക്കുന്ന സ്ഥലം സമീപകാലം വരെ അറിയപ്പെട്ടിരുന്നു. കല്ലും മുള്ളും നിറഞ്ഞ ഊടുവഴികളിലൂടെ ഇറങ്ങി ഈഞ്ഞാംകുളത്തിന്റെ കരയിൽ കൂടി കടമ്പകയറി നെടുവരമ്പത്തുകൂടെ വീണ്ടും കയറുന്നത് ഇന്നത്തെ നടുപന്തി എന്ന നാൽകവല നിൽക്കുന്ന വേറൊരു കുന്നത്തേക്കാണ്. അവിടെ നിന്ന് പടിഞ്ഞാറോട്ടിറങ്ങിയാൽ ( ഇന്നത്തെ പടിഞ്ഞാറെ അങ്ങാടി) പഴയപള്ളിയുടെ മുന്നിലൂടെ മണകുളങ്ങരെയ് എന്ന നാടുവാഴി രാജാവിന്റെ കൊട്ടാരത്തിലെത്തിച്ചേരാം. (ഇന്നു ഈ കൊട്ടാരം പൊളിച്ചു പോവുകയും മണക്കുളം പറമ്പായി അവശേഷിക്കുകയും ചെയ്യുന്നു ) ഇങ്ങനെ കുന്നും കുളവും താണ്ടി മണകുളങ്ങരെയ് കൊട്ടാരത്തിൽ എത്തിചേരുന്നതിനാലാണ് കുന്നംകുളങ്ങരെയ് എന്ന് ഈ നാടിനു പേർ വന്നത്. പഴയപള്ളി മുതൽ മണക്കുളം കൊട്ടാരം വരെയായിരുന്നു ആദ്യത്തെ കുന്നംകുളങ്ങര അങ്ങാടി.

2 . **ചിറളയം അങ്ങാടി:** കുന്നംകുളങ്ങരൈക്കു വടക്ക് ചിറളയം പള്ളി മുതൽ വടക്കോട്ട് അയ്നികൂർ മനവരെ (ചിറളയം മഠപ്പാട്) ചിറളയം അങ്ങാടി സ്ഥിതി ചെയ്തിരുന്നു. (ചിറ - എന്നാൽ ഉയരമേറിയ പ്രദേശമെന്നും ലയം എന്നാൽ സുഖവാസ സ്ഥലമെന്നും അർത്ഥമുണ്ട് അപ്പോൾ ചിറ ലയം എന്നാൽ ഉയരം കൂടിയ സുഖവാസസ്ഥലം എന്നർത്ഥം)

**3.ആർത്താറ്റ് അങ്ങാടി:** ആർത്താറ്റ് പള്ളിക്ക് ഇരുവശങ്ങളിലുമായി വടക്കോട്ട് വടക്കേ അങ്ങാടിയും തെക്കോട്ട് ചാട്ടുകുളം വരെ നീളുന്ന ചാട്ടുകുളങ്ങര അങ്ങാടിയും ഉൾപ്പെടുന്നതാണ് ആർത്താറ്റ് കമ്പോളം. ഒരു കാലത്ത് ചാവക്കാട് തുറമുഖം ആർത്താറ്റ് കമ്പോളക്കാരുടെ നിയന്ത്രണത്തിലായിരുന്നു എന്നു ചരിത്രം പറയുന്നു. 1790 ൽ നടന്ന ടിപ്പുവിന്റെ പടയോട്ടകാലത്ത് ഈ അങ്ങാടികളും പള്ളിയും തീവച്ചു നശിപ്പിക്കപ്പെട്ടു. ടിപ്പുവിന്റെ പടയോട്ടത്തിനു ശേഷം കത്തിനശിച്ച ഈ അങ്ങാടികൾ ഉപേക്ഷിച്ച് ആർത്താറ്റ് കമ്പോളക്കാർ കാലം ചെയ്ത അച്ചൻ എന്നറിയപ്പെടുന്ന യൗസേഫ് കത്തനാരുടെ (പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ്) നേതൃത്വത്തിൽ കൂട്ടം കൂട്ടമായി കുന്നംകുളങ്ങരയ്ക്കു വരികയും അവിടെ ഉണ്ടായിരുന്ന മണക്കുളം, ചിറളയം രാജാക്കന്മാരെ അഭയം പ്രാപിക്കുകയും ചെയ്തു. അവർ അവിടെയുണ്ടായിരുന്ന പഴയ രണ്ടു അങ്ങാടികളിൽ കുടിയേറുകയും ഈ അങ്ങാടികൾ വളർന്ന് കുരിശാകൃതി പ്രാപിക്കുകയും ചെയ്തു. വീണ്ടും ഒരു ആക്രമണം ഉണ്ടായാൽ അവയെ ചെറുക്കുവാനായിട്ടും അപകടങ്ങളേ പരസ്പരം അറിയിക്കാനുള്ള സൗകര്യത്തിനായിട്ടും കൂടിയാകാം കൂട്ടു പുരകളായും അധികം അകലമില്ലാതെ അടുത്തടുത്ത് വീടുകൾ പണിതും താമസമാരംഭിച്ചത്. ഈ സങ്കേതങ്ങൾക്ക് സ്രാമ്പിയും (കാവൽമാടങ്ങൾ) രാവും പകലും കാവൽക്കാരും ഉണ്ടായിരുന്നു എന്നും പറയപ്പെടുന്നു.

ജാതിവ്യവസ്ഥയിൽ വ്യാപാരം നടത്തുവാനായി കേരളത്തിൽ ഒരു വൈശ്യസമുദായം ഇല്ലാതിരുന്ന കുറവ് അക്കാലത്ത് നികത്തിയിരുന്നതു ക്രിസ്ത്യാനികളായിരുന്നു. അതിനാൽ ഓരോ രാജാവും തന്റെ രാജ്യത്ത് ക്രിസ്ത്യാനികൾക്കു പള്ളിയും മറ്റു സൗകര്യങ്ങളും നൽകി അവരെ താമസിപ്പിച്ചിരുന്നു. അങ്ങാടികളിൽ നസ്രാണികൾ ആയിരുന്നു താമസിച്ചിരുന്നതെങ്കിൽ മനകളെയും അംബലങ്ങളെയും ചുറ്റി നായന്മാരും അമ്പലവാസികളും മറ്റുള്ളവരും താമസിച്ചിരുന്നു. നാട്ടുരാജാക്കന്മാർക്ക് പടയും പടകോപ്പും സാധാരണമായിരുന്നതിനാൽ അതിനായി നായർ പടയാളികളും ക്ഷേത്രങ്ങളിലേയും മനകളിലേയും ചട്ടവട്ടങ്ങൾക്ക് ആവശ്യമായ മറ്റു എല്ലാ തൊഴിൽ വർഗ്ഗങ്ങളും ഇവിടെ ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. നസ്രാണികളും വ്യാപാരത്തോടൊപ്പം ആയുധകലകൾ അഭ്യസിക്കുകയും ആയുധപരിശീലനം നേടുകയും ചെയ്തിരുന്നു. അവർ രാജാവിനോടു അസാമാന്യ കൂറു പുലർത്തിയിരുന്നവരും ഏതുസമയത്തും തങ്ങളുടെ രാജ്യത്തെ പരിരക്ഷിക്കുവാൻ സന്നദ്ധരുമായിരുന്നു. അതിനാൽ രാജാക്കന്മാരും അവരിൽ പ്രീതിതരായിരുന്നു. അതുപോലെ മറ്റുമതങ്ങളുമായും പരസ്പരം ബഹുമാനിച്ചും സഹായിച്ചും സഹകരിച്ചും പോന്നിരുന്നു.

തയ്യാറാക്കിയത്: ഫാ ഇയ്യോബ് OIC





ONLINE PROMOTION
KUNNAMKULANGARA ANGADI
PERUNNALS POORAMS
LEGENDS KUNNAMKULAM ANGADI

- SCAN ME -

LS CREATION
കുന്നംകുളം അങ്ങാടിയിൽകൂടി നടത്തിയ യാത്ര

കുന്നംകുളം അങ്ങാടി നാവിഗേഷൻ മാപ്പ്

അങ്ങാടിചരിതം സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളുടെ ചിത്രം


ഇതൊരു ചെറിയ ആന്വേഷണമായിരുന്നു. പൂർണ്ണമല്ല തെറ്റുകൾ ഉണ്ടാകാം കൂടുതൽ അറിവുകൾ ഉള്ളവർ പങ്കുവെക്കുമല്ലോ എന്ന്. **ഫാ ഇയോബ്** OIC , 9496 3058 11
LEGENDS CLUB- 9400 55 0061